ഉത്തരം

(എ) 1-3-2015 മുതൽ.

(ബി) കൊട്ടാരക്കര, ചാത്തന്നൂർ എന്നീ യൂണിറ്റുകളിൽനിന്നും 5 വീതം ചെയിൻ സർവ്വീസുകളാണ് ഈ റൂട്ടിൽ ഇപ്പോൾ നടത്തിവരുന്നത്.

(സി) ശരാശരി പ്രതിദിന വരുമാനം 9,000 രൂപയാണ്.

(ഡി) പ്രതിദിന വരുമാനത്തിൽ കുറവ് വരുന്നതനുസരിച്ച് വരുമാന വർദ്ധന വിനായി ജീവനക്കാർക്ക് കൗൺസിലിംഗ് നൽകിവരുന്നുണ്ട്.

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

320 (3142) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെന്നും കൂടുതൽ വാഹനം നൽകി നിലവിലുള്ള സർവ്വീസുകൾ കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോയെന്നും വെളിപ്പെടുത്തുമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നത് പരിഗണിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര സർവ്വീസുകളാണ് ഇവിടെനിന്നും ഓപ്പറേറ്റ് ചെയ്യുന്നതെന്നും ഈ ആവശ്യത്തിലേക്കായി എത്ര വാഹനങ്ങളാണ് ഇപ്പോഴുള്ളതെന്നും അറിയിക്കുമോ ;

(ഡി) വാഹനങ്ങളുടെ കുറവ് പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനിതകൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഒരു കെട്ടിടം ഇതിനകം പണിയു നൽകിയിട്ടുണ്ട്. ഗാരേജിന്റെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനായി 3 ബേ ഗാര്യേജും അതിനോടുചേർന്നുള്ള മുറികളും പണി കഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആറ് മാസത്തിനകം പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് നിലവിലെ ഡിപ്പോ കെട്ടിടത്തിന്റെ മുകളിൽ ഒരു നിലകൂടി പണിയാവുന്നതാണെങ്കിലും കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ അത് ഉടനെ സാദ്ധ്യമാവുന്നതല്ല. ഏതെങ്കിലും വിധത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് പ്രാവർത്തികമാക്കാവുന്നതാണ്.

(സി) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 59 ഷെഡ്യൂളുകളും ഒരു ജൻറം നോൺ എ.സി. ലോ ഫ്ലോർ ഷെഡ്യൂളുമാണുള്ളത്. ഇവ ഓപ്പറേറ്റ് ചെയ്യുന്നതിനായി നിലവിൽ ഒരു നോൺ എ.സി. ലോ ഫ്ലോർ ബസ്സ് ഉൾപ്പെടെ 59 ബസ്സുകളാണുള്ളത്.

(ഡി) പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്നമുറയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കൽ

321 (3143) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യം കാരണം കാൽനട യാത്ര, സൈക്കിൾ സവാരി എന്നിവ സുരക്ഷിതമല്ലാതായി തീർന്നിരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണവും ട്രാഫിക് തടസ്സങ്ങളും ഒഴിവാക്കുന്നതിന് കാൽനടയാത്ര, സൈക്കിൾ സവാരി എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly